"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in
www.keralaprisons.gov.in

**ഇണ്ടാസ് നം:** KPCS/530/2025-E7; **തീയതി: 29-09-2025**

23-09-2025തീയതിയിലെ സ.ഉ.(കൈ) 182/2025/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിയിലുള്ള മികവിന് ജയിൽ വകുപ്പ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ (BADGE OF HONOUR) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവ് അറിവിലേയ്ക്കായും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Vinod Kumar M K

DEPUTY INSPECTOR GENERAL

Signed by
Vinod Kumar M K
Date: 29-09-2025 11:20:46

സ്വീകർത്താവ്:- എല്ലാ ജയിൽ സ്ഥാപനമേധവികൾക്കും, ഉദ്യോഗസ്ഥർക്കും

പകർപ്പ്:- ടെക്കിനിക്കൽ ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം. (കേരള പ്രിസൺസ് വെബ്സൈറ്റി പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

**ജയിലുകൾ - എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിയിലുള്ള മികവിന് ജയിൽ വകുപ്പ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ (BADGE OF HONOUR) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.182/2025/HOME തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. കേരളാ ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ബഹു.മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 10.10.2024 തീയതിയിലെ 19/2024 നിവേദനം.
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 28.02.2025, 10.04.2025, 12.08.2025 തീയതികളിലെ KPCS-530/2025-E1 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ബാഡ്ജ് ഓഫ് ഓണർ അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശം (2) പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിയിലുള്ള മികവിന് ജയിൽ വകുപ്പ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ (BADGE OF HONOUR) അനുവദിക്കുന്നതിനും ബാഡ്ജ് യൂണിഫോമിൽ ധരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**3. ബാഡ്ജ് ഓഫ് ഓണർ സംബന്ധിച്ച അടിസ്ഥാനവിവരണം, അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യതകൾ, വ്യവസ്ഥകൾ എന്നിവ ചുവടെ ചേർക്കുന്നു :**

**3.1 അടിസ്ഥാനവിവരണം**

- ബാഡ്ജിന്റെ പേര് "BADGE OF HONOUR" എന്നായിരിക്കും.
- 4 സെ.മീ x 2.5 സെ.മി. ഓവൽ ആകൃതിയിലുള്ളതും, വെള്ളി നിറത്തിലുള്ളതുമായ മെറ്റാലിക് ബാഡ്ജിൽ, "BADGE OF HONOUR", " KERALA PRISONS AND CORRECTIONAL SERVICES" എന്ന് രേഖപ്പെടുത്താവുന്നതും, വകുപ്പിന്റെ എംബ്ലവും, ഒരു വ്യക്തിക്ക് ലഭ്യമായിട്ടുള്ള ബാഡ്ജുകളുടെ എണ്ണം സൂചിപ്പിക്കുന്ന എണ്ണത്തിലുള്ള നക്ഷത്ര ചിഹ്നങ്ങളും ഉൾക്കൊള്ളിക്കാവുന്നതുമാണ്. ബാഡ്ജ് യൂണിഫോമിൽ നെയിംപ്ലേറ്റിന് മുകളിലായി

ധരിക്കാവുന്നതാണ്.

- ഓരോ വർഷവും നവംബർ 1-ന് 'ബാഡ്ജ് ഓഫ് ഓണർ' നൽകുന്ന ചടങ്ങ് നടത്തേണ്ടതാണ്.

## 3.2 യോഗ്യത

- കേരള ജയിൽ വകുപ്പിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് മാത്രമാണ് ബാഡ്ജ് ഓഫ് ഓണറിന് അർഹതയുള്ളത്.

- ഓരോ വർഷവും പരമാവധി 33 ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ നൽകാവുന്നതാണ്.

- അനുവദിക്കുന്ന ബാഡ്ജുകളുടെ 10% വനിതാ ഉദ്യോഗസ്ഥർക്കായിരിക്കും.

- സെൻട്രൽ ജയിൽ സൂപ്രണ്ട് തസ്തിക വരെയുള്ള എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥരെ ബാഡ്ജിന് പരിഗണിക്കും.

- ഒരോ വർഷവും, നവംബർ 1 മുതൽ വർഷം കണക്കാക്കി 3 വർഷത്തെ സേവനമികവ് അർഹത നിർണ്ണയത്തിന് പരിഗണിക്കാം.

- ഒരു ഓഫീസർക്ക് ആകെ സർവീസിൽ പരമാവധി അഞ്ച് (5) തവണ ബാഡ്ജ് ഓഫ് ഓണർ അനുവദിക്കാവുന്നതാണ്.

## 3.3 തിരഞ്ഞെടുപ്പ് നടപടിക്രമം

- ബാഡ്ജ് ഓഫ് ഓണറിന് അർഹരായ ഉദ്യോഗസ്ഥരുടെ പട്ടിക തിരഞ്ഞെടുക്കുന്നതിനായി ജയിൽ ആസ്ഥാനകാര്യാലയം ഡി.ഐ.ജി. അദ്ധ്യക്ഷനും മേഖലാ ഡി.ഐ.ജി.മാർ അംഗങ്ങളുമായുള്ള ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി ഉണ്ടായിരിക്കും.

- ജയിൽ സൂപ്രണ്ടുമാർ/സ്ഥാപനമേധാവികൾ എല്ലാ വർഷവും ഒക്ടോബർ 5-ന് മുൻപ് നാമനിർദ്ദേശങ്ങൾ കമ്മിറ്റിക്ക് സമർപ്പിക്കണം.

- കമ്മിറ്റി ശിപാർശ ചെയ്ത പട്ടികയിൽ നിന്ന് ആരെയും നീക്കം ചെയ്യാൻ വകുപ്പദ്ധ്യക്ഷന് അധികാരമുണ്ട്.

- സ്റ്റാൻഡിങ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കെതിരെ അപ്പീൽ നൽകാൻ സാധിക്കില്ല.

## 3.4 മാനദണ്ഡങ്ങൾ

- **വിഭാഗം 1:** തടവുകാരുടെ പരിപാലനത്തിലെ മികവ്. ഇതിൽ തടവുകാരുടെ അച്ചടക്കം, സുരക്ഷ, ക്രമസമാധാനം, ഭക്ഷണം, ആരോഗ്യം, ശുചിത്വം എന്നിവയിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സുരക്ഷാ പ്രവർത്തനങ്ങൾ, രോഗികൾക്ക് അടിയന്തിര ചികിത്സ നൽകുന്നത്, ആത്മഹത്യ ശ്രമങ്ങൾ തടയുന്നത്

എന്നിവയും ഈ വിഭാഗത്തിൽപ്പെടും.

- **വിഭാഗം 2**: ജയിൽ കുറ്റകൃത്യങ്ങൾ തടയുന്നതിലെ മികവ്. തടവ് ചാടിയവരെ കണ്ടെത്തുക, തടവ് ചാട്ടം തടയുക, സാങ്കേതിക വിദ്യ ഉപയോഗിച്ച് തടവുകാരെ പിടിക്കുക, കൃത്യമായ വിവരശേഖരണം നടത്തുക, ജയിൽ നിരോധിത വസ്തുക്കൾ കണ്ടെത്തുക എന്നിവ ഈ വിഭാഗത്തിൽ വരുന്നു.

- **വിഭാഗം 3**: തടവുകാരുടെ മനഃപരിവർത്തന പ്രവർത്തനങ്ങളിലെ മികവ്. ഇതിൽ കലാ-കായിക പരിപാടികൾ, വിദ്യാഭ്യാസം, വൊക്കേഷണൽ ട്രെയിനിംഗ്, യോഗ, കൗൺസിലിംഗ് തുടങ്ങിയവയുടെ ഏകോപനം എന്നിവ ഉൾപ്പെടുന്നു.

- **വിഭാഗം 4**: ഓഫീസ് ഭരണനിർവഹണത്തിലെ മികവ്. ഫയൽ വർക്കുകളിലെ വൈദഗ്ധ്യം, സമയകൃത്യത, സാങ്കേതികവിദ്യയുടെ ഉപയോഗം, ദൈനംദിന ഭരണത്തിന് നൽകിയ സംഭാവനകൾ എന്നിവ പരിഗണിക്കും.

- **വിഭാഗം 5**: വാണിജ്യ-വ്യവസായ യൂണിറ്റുകളിലെ പ്രവർത്തനമികവ്. ഉത്പാദനം, ഉത്പന്നങ്ങളുടെ ഗുണനിലവാരം, വരുമാനം വർദ്ധിപ്പിക്കൽ, നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കൽ എന്നിവ ഈ വിഭാഗത്തിൽ വരും.

- **വിഭാഗം 6**: സർക്കാർ, വകുപ്പുതല പരിപാടികളിലെ പ്രവർത്തനമികവ്. ഓൾ ഇന്ത്യ പ്രിസൺ മീറ്റ്, സ്റ്റേറ്റ് പ്രിസൺ മീറ്റ്, സെമിനാറുകൾ, എക്സിബിഷനുകൾ, പരിശീലന പരിപാടികൾ എന്നിവയുടെ സംഘാടന മികവ് ഈ വിഭാഗത്തിൽപ്പെടുന്നു.

**3.5 മറ്റു വ്യവസ്ഥകൾ**

- ബാഡ്ജ് ലഭിച്ച ഒരു ഉദ്യോഗസ്ഥൻ പിന്നീട് കുറ്റകൃത്യത്തിൽ ഏർപ്പെട്ടെന്ന് കണ്ടെത്തിയാൽ ബാഡ്ജ് പിൻവലിക്കാൻ കമ്മിറ്റിക്ക് അധികാരമുണ്ട്. കൂടാതെ അടുത്ത 3 വർഷത്തേക്ക് ബാഡ്ജിന് പരിഗണിക്കില്ല.

- ബാഡ്ജ് ഓഫ് ഓണർ ലഭിക്കുന്ന ഉദ്യോഗസ്ഥന്റെ വിവരങ്ങൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തണം.

- ബാഡ്ജ് നഷ്ടപ്പെട്ടാൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും സഹിതം അപേക്ഷ സമർപ്പിക്കണം.

- ജയിൽ ആസ്ഥാന കാര്യാലയത്തിൽ ബാഡ്ജ് ലഭിച്ച ഉദ്യോഗസ്ഥരുടെ രജിസ്റ്റർ സൂക്ഷിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ )വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 23-09-2025 18:02:05

സെക്ഷൻ ഓഫീസർ